LEGISLATIVE BUSINESS.

The Kerala Agrarian Relations Bill, 1957 —(*Contd*).

[The number within brackets shown against the amendments denotes the number in the list of amendments]

Mr. Speaker : It was announced day before yesterday that the discussion on clause 15 will have to close on that day and that the hon. Leader of the Opposition and the Minister alone would be allowed to speak on that clause today. But the Leader of the Opposition is not present here today; he, I was told, wanted to express himself upon Clause 15. Mr. Viswanathan, what has happened to him?

Shri K. K. Viswanathan : My information is that he has gone to Ootacamund.

Mr. Speaker : The hon. Minister may now reply.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഈ വകുപ്പ്, ഈ നിയമത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണ്. ഈ വകുപ്പ് കഴിഞ്ഞദിവസം ചർച്ചയ്ക്ക് എടുത്ത അവസരത്തിൽ ഞാൻ പറയുകയുണ്ടായി; പ്രതിപക്ഷനേതാവും, അതുപോലെ പി. എസ്. പി. നേതാവോ, ഡെപ്യൂട്ടി നേതാവോ ഉണ്ടായിരിക്കുന്ന ഒരവസരത്തിൽ ഇതിന്റെ ചർച്ച നടത്തിയാൽ മതിയെന്ന്. അതുപോലെ, ഈ സഭയിലെ എല്ലാഭാഗത്തുമുള്ളവരുടെ അഭിപ്രായങ്ങൾ കേട്ടുകഴിഞ്ഞതിനുശേഷം ഈ വകുപ്പിൽ ഒരുപക്ഷേ, ഇനിയും ഭേദഗതികൾ ചെയ്യണമെങ്കിൽ അതാകാമെന്നു പറഞ്ഞിരുന്നു. ഈ നാട്ടിലെ വൻപിച്ച ഒരു വിഭാഗത്തെ ബാധിക്കുന്ന ഒരു കാര്യമായതുകൊണ്ട്, പരിപൂർണ്ണമായി ഈ സഭയുടെ അഭിപ്രായം അറിഞ്ഞതിനുശേഷം ഇതിന്റെ ചർച്ച അവസാനിപ്പിക്കുന്നതു കൂടുതൽ നന്നായിരിക്കുമെന്നു കരുതിയാണ് ഞാൻ അങ്ങനെ പറഞ്ഞതു്. ഇതിനെപ്പറ്റി എല്ലാ ഭാഗത്തുനിന്നുമുള്ള ആളുകൾ സംസാരിച്ചുപോയാൽ ഇവിടെ പറയുകയുണ്ടായി ആദ്യം ഈ ബിൽ ഉണ്ടാക്കിയപ്പോൾ ഇതിനെ സംബന്ധിച്ച വകുപ്പ്, സെലക്ട് കമ്മിറ്റി റിപ്പോർട്ട് കഴിഞ്ഞുവന്നപ്പോൾ വേറൊരു വകുപ്പായിമാറി, അതിനു ശേഷം, മന്ത്രിതന്നെ വേറൊരു വകുപ്പെഴുതി ഒരു ഭേദഗതിയെന്ന നിലയിൽ കൊണ്ടുവന്നു; ഇപ്പോൾ പിന്നെയും കുറെ ഭേദഗതികൾ അവതരിപ്പിച്ചിരിക്കയാണ്; അങ്ങനെ സ്ഥിരമായിട്ടുള്ള ഒരു അഭിപ്രായംതന്നെ ഇല്ല എന്നൊക്കെയാണ് സംസാരിച്ചതു്. ശ്രീ. വിശ്വനാഥൻ പ്രസംഗിച്ചുപോയപ്പോൾ പറഞ്ഞു, ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം കോൺഗ്രസ്സുപാർട്ടിക്ക് ആദ്യം ഉണ്ടായിരുന്ന അഭിപ്രായംതന്നെയാണുള്ളതു്, അതിൽ ഉറച്ചു നിൽക്കുകയാണെന്ന്. ബാക്കിയുള്ളവരെ സംബന്ധിച്ചിടത്തോളം ആ തീരുമാനം മാറിമാറി വരികയാണെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ വകുപ്പിൽ ആദ്യം ഉണ്ടായിരുന്നതിനേക്കാൾ ഇരുഭാഗക്കാർക്കും വിട്ടുവീഴ്ചകൾ ചെയ്യണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഗവണ്മെന്റ് ഭേദഗതികൾ മാറിമാറി അവതരിപ്പിക്കുന്നതു്. ഇതു പറയുമ്പോൾ എനിക്കു സഭയെ അറിയിക്കാനുള്ളതു് ഈ വകുപ്പു മാറി എഴുതിയതു് പ്രതിപക്ഷത്തുള്ള മെമ്പറന്മാരും ഈ ഭാഗത്തുള്ള മെമ്പറന്മാരും അയച്ചിരുന്ന പല ഭേദഗതികളുടെ ഉള്ളടക്കത്തെയും സ്വീകരിച്ചുകൊണ്ടാണെന്നാണ്. ഏതാണ്ട് 120 ഭേദഗതികൾ ഈ ക്ലാസിനു് വന്നതിൽ 68-ാം 78-ാം ഭേദഗതികൾ അടങ്ങിയിട്ടുള്ള അഭിപ്രായങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് ക്ലാസ് ഇപ്പോൾ റീഡ്രാഫ്റ്റു ചെയ്തിട്ടുള്ളതു്. ക്ലാസ് 15-ലേക്കു് അവതരിപ്പിച്ചിട്ടുള്ള ഏകദേശം പതിനാറു ഭേദഗതികൾ സബ് ക്ലാസ് 1 (b) എടുത്തുകളയണമെന്നാണ്. ആ ഭേദഗതികളെല്ലാം സ്വീകരിച്ചു് അതു മാറ്റിയിട്ടാണ് സ്റ്റാൻഡേർഡ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രുടെ നിവ്വചനം കൊണ്ടുവന്നിരിക്കുന്നതു്. വേറെ ചില ഭേദഗതികളിൽ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ 1957 ഏപ്രിൽ 11 എന്നുള്ളതു മാറ്റി 1957 ഡിസംബർ 18 എന്നുള്ളതും ശവണ്ണൻറഗീകരിച്ചിരിക്കുകയാണു്. രണ്ടാമത്തെ ഉപവകുപ്പിൽ മലബാർ കൊച്ചി എന്നുള്ള വിവേചനം എടുത്തുകളയണമെന്നാണു് പ്രധാനമായി വേറെ പല ഭേദഗതിയിൽ വന്നിട്ടുള്ളതു്. ആ ഭേദഗതികളുടെ ആശയം അംഗീകരിച്ചുകൊണ്ടു തിരുവിതാംകൂർ–കൊച്ചി എന്നോ മലബാർ എന്നോ ഇല്ലാതെ സ്ഥിരത കിട്ടിയ കുടിയാന്മാരെന്നും കിട്ടാത്ത കുടിയാന്മാരെന്നും മാത്രം വേർതിരിച്ചുള്ള സമീപനം ഉൾക്കൊണ്ടുകൊണ്ടാണു് റിഡ്രാഫ്റ്റു ചെയ്തിട്ടുള്ളതു്. അതുപോലെതന്നെ സബ് ക്ലാസ് 5–ലെ പ്രൊവൈസോ നീക്കം ചെയ്യണമെന്നു പറഞ്ഞിട്ടുള്ളതും സ്വീകരിച്ചിട്ടുണ്ടു്. ഇന്നുവരെ ഉണ്ടായിരുന്ന നിയമനിർമ്മാണത്തിൻറെ ചരിത്രം മാത്രം നോക്കിയിക്കുസിറ്റി കിട്ടാത്തതും കിട്ടിയതും എന്നുള്ള നിലയിലാണു് ഒടുവിൽ കൃഷിക്കാരെ വേർതിരിച്ചു് റീഡ്രാഫ്റ്റു ചെയ്തിട്ടുള്ളതു്. അങ്ങനെ ഇവിടെ കൊണ്ടുവന്ന 120–ഓളം ഭേദഗതികളിലെ ആശയം ഉൾക്കൊണ്ടുകൊണ്ടാണു് ശവണ്ണൻറെ ഒടുവിൽ റീഡ്രാഫ്റ്റു ചെയ്തു കൊണ്ടുവന്നിട്ടുള്ളതു്. അങ്ങനെ ഈ നാട്ടിലെ സാധാരണ കൃഷിക്കാരനും ചെറുകിടവസ്തു ഉടമസ്ഥന്മാക്കും വളരെക്കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കാതെ രണ്ടു കൂട്ടർക്കും സംരക്ഷണം നൽകത്തക്കവിധത്തിൽ അവസാനമായി ഭേദഗതി അവതരിപ്പിച്ചിരിക്കുകയാണു്. കാൺഗ്രസ് പാർട്ടിയിൽനിന്നും ചെറുകിടവസ്തു ഉടമസ്ഥന്മാരെ രക്ഷിക്കുന്നതിനു് ഒരുപാധിയായി പറഞ്ഞിരിക്കുന്നതു് വസ്തു ഒഴിപ്പിക്കപ്പെടുമ്പോൾ കൃഷിക്കാരൻറെ കയ്യിൽ ഒരേക്കറെങ്കിലും നിലത്തണമെന്നാണു്. ശ്രീ. കറപ്പും ഏതാണ്ടു് അതിനെ അംഗീകരിച്ചു. ശവണ്ണൻറിനു അ അഭിപ്രായം സ്വീകരിക്കാൻ നിവൃത്തിയില്ല. ഇന്നുള്ള വസ്തു ഉടമസ്ഥന്മാരുടെ സ്ഥിതിവിവരക്കണക്കു നോക്കിയാൽ ഏതാണ്ടു 85 ശതമാനത്തോളം അഞ്ചേക്കറിൽ താഴെയുള്ളവരാണെന്നു കാണാൻ കഴിയും. അവരിൽ തന്നെ ഒരു വലിയ വിഭാഗം ഒരേക്കറിൽ താഴെയുള്ളവരാണു്. പലരും നാലും അഞ്ചും പറ നിലമുള്ളതു് സ്വന്തമായി കൃഷിചെയ്യുന്നതിനുള്ള അസൗകര്യംകൊണ്ടു മറ്റുള്ളവരെ ഏൽപ്പിച്ചിട്ടുള്ളതാണു്. ഈ കൊടുത്തിരിക്കുന്നതു് അവരുടെ ആകെയുള്ള സമ്പാദ്യമായിരിക്കും. ഇന്നത്തെ നിലയിൽ ഒരേക്കർ കൃഷിക്കാരുടെ കയ്യിൽ നിലനിറുത്തണമെന്നു പറഞ്ഞാൽ മദ്ധ്യതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ചെറുകിടവസ്തുഉടമസ്ഥന്മാക്കു് ഒഴിപ്പിക്കാനൊന്നും കാണുകയില്ല. അതുകൊണ്ടാണു് പകുതിപകുതിയെന്നു വച്ചതു്. മൂന്നു സെൻറാണെങ്കിൽ എന്തു ചെയ്യുമെന്നു ഇവിടെ ചോദിക്കുകയുണ്ടായി. അതു രണ്ടര സെൻറു വീതം എടുക്കണം. നമുടെ നാട്ടിൽ മുഴുവൻപേർക്കും ജോലി നൽകത്തക്കവണ്ണം വ്യവസായവൽക്കരണം ഉണ്ടായിട്ടില്ല. അങ്ങനെ മുഴുവൻ പേർക്കും തൊഴിൽ കൊടുക്കാൻ സാധിക്കുമായിരുന്നെങ്കിൽ ഭൂമി മുഴുവനും ഒഴിപ്പിക്കണ്ട എന്നു നമുക്കു തീർത്തു പറയാമായിരുന്നു. നാട്ടിലെ ആളുകൾക്കു് എല്ലാവർക്കും തൊഴിൽ കൊടുക്കത്തക്കവണ്ണം തൊഴിൽ വർദ്ധനവുണ്ടായിട്ടില്ല. അതുകൊണ്ടാണു് കൃഷിക്കാരൻറെയും വസ്തുഉടമസ്ഥൻറെയും താൽപ്പര്യങ്ങളും സംരക്ഷിക്കത്തക്കവിധത്തിൽ പകുതി പകുതിയെന്നുള്ള തത്വം അംഗീകരിച്ചതു്. ഇപ്പോൾ ഒരേക്കറിനു് 70 പറ നെല്ലു് പാട്ടം കിട്ടുന്നുണ്ടെങ്കിൽ അതിൽ പകുതി അരയക്കർ തന്നെത്താൻ നല്ല വളമിട്ടു കൃഷിചെയ്യുമ്പോൾ അതുതന്നെ നെല്ലുണ്ടാക്കാൻ കഴിയും ബാക്കി പകുതിക്കു് Compensation–നും കിട്ടും.

ശ്രീ. ജോസഫ് ചാഴിക്കാടൻ: പകുതിയിൽ നിന്നു് 70 പറ കിട്ടണമെങ്കിൽ പത്തു മുപ്പത്തഞ്ചു പറ വിത്തിനും കൂലിയ്ക്കും മറ്റുമായി ചെലവു ചെയ്യേണ്ടേ?

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ 70 പറ പാട്ടം കൊടുക്കുന്ന ആൾ അതിൽ കൂടുതലൊന്നും കിട്ടാത്തനിലയിൽ അയിരിക്കയില്ല കൃഷിചെയ്യുന്നതു്. അയാളും ഈ വക ചെലവും അയാളുടെ പ്രയത്നത്തിനുള്ളതും കണക്കാക്കിയ ശേഷമാണു് പാട്ടം കൊടുക്കുന്നതു്. ഈ 70 പറ എന്നു ഞാൻ പറഞ്ഞതു് മുവാറ്റുപുഴയുള്ള ചില നിലങ്ങളിൽനിന്നും ഒരേക്കറിനു് 70 പറ പാട്ടം കിട്ടു

[ശ്രീമതി കെ. ആർ. ഗൗരി] :

ന്നതെന്നു അറിഞ്ഞതു വച്ചുകൊണ്ടാണു്. 70 ഇഞ്ചുള്ളിൽ എത്രയായാലും പകുതിയിൽ സ്വന്തമായി കൃഷിചെയ്യുകയാണെങ്കിൽ ഇന്നു കിട്ടുന്ന ആദായത്തിൽ വളരെ കുറവു വരികയില്ല എന്നാണു് വിചാരിക്കേണ്ടതു്. ഈ നിലയിൽ ഒരേക്കർ നിലത്തിയിട്ടു ബാക്കിയുള്ളതു് എടുക്കാമെന്നുള്ള ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല. നമ്മുടെ രാജ്യത്തെ പ്രത്യേക പരിതഃസ്ഥിതികൂടി വച്ചുകൊണ്ടാണു് അതു സ്വീകരിക്കാതിരിക്കുന്നതു്. രണ്ടു കൂട്ടരുടേയും ഇന്നുള്ള വരുമാനം കുറയാതെ ജീവിക്കത്തക്കവിധത്തിലാണു് പകുതി പകുതിയെന്നു സ്വീകരിച്ചിട്ടുള്ളതു്. കാൺഗ്രസ്സിന്റെ ഭേദഗതി small holders-നെ നാട്ടിൽ നശിപ്പിക്കുകയായിരിക്കും ചെയ്യുന്നതു്. അവരെ രക്ഷിക്കുക എന്ന മൂടുപടത്തിൽ അവരെ നശിപ്പിക്കുന്നു. Small holders means a person who either as owner, intermediary or tenant etc., എന്നു പറഞ്ഞിരിക്കുന്നതിൽ ഇൻറർ മിഡിയറി ഉൾക്കൊള്ളുമോ എന്നു ഒരു സംശയം വന്നിട്ടുണ്ടു്. ആ ആശയം വ്യക്തമായി ഉൾക്കൊള്ളുന്നതിനുവേണ്ടിതാഴെ പറയുന്ന പ്രകാരം മാറ്റിയിരിക്കുകയാണു്. അതു സഭ അംഗീകരിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

"Smallholder" means a person who either as land owner, intermediary, or as tenant of land not subject to resumption under Section 7, or in two or more such capacities together has an extent of land not exceeding five acres of double crop nilam or its equivalent.

Shri T. A. Thomman : Landowner comprises landlord and Intermediary.

ശ്രീമതി കെ. ആർ. ഗൗരി : അതിൽ ചിലപ്പോൾ കാണംഭാഗം വരാം. അപ്പോൾ എന്തുചെയ്യും? Suppose there are three persons, one the landowner, then the kanomdar, and then, the tenant,

അങ്ങനെ രണ്ടു മൂന്നു കപ്പാസിറ്റി വന്നാൽ എന്തുചെയ്യും?

ശ്രീ. എം. നാരായണക്കുറുപ്പു് : ഒരു ലാൻഡു ലാർഡു്, ഒരു ഹോൾഡർ എന്നിങ്ങനെയും വരാം. When you take a landlord, the land may be held by that particular landlord and his tenant. So, in any case one man can hold the property only in one capacity.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ പറയുന്നതു്, "For the purposes of this section "smallholder" means a person who either as landlord or as intermediary or tenant in two or more of such capacities together or as tenant of land not subject to resumption under section 7 or partly as owner and partly as such tenant has an extent of land not exceeding five acres of double crop nilam or its equivalent. ചിലപ്പോൾ കാണംഭാർ കുറച്ചു കാണും. ഓണർ ആയിട്ടും കാണും; ടെനൻറിയിട്ടും കാണും. അങ്ങനെ മൂന്നു കപ്പാസിറ്റിയിലും വന്നേക്കാം.

Shri Joseph Chazhikatt : We cannot follow any thing.

ശ്രീമതി കെ. ആർ. ഗൗരി : അതുപോലെ പ്രൊവൈസോയിൽ കൂടി കുറെ മാറ്റണം. Provided that where a person held as tenant of land not subject to resumption or owned lands"

എന്ന സ്ഥലത്തു് "Where a person had in any one or more of such capacities" എന്നാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : സർ, ഇപ്പറഞ്ഞതു് ഞങ്ങൾക്കു് മനസ്സിലാക്കാൻ വളരെ പ്രയാസമുണ്ടു്.

Smt. K. R. Gouri: This is a consequential change.

Then in the Explanation to sub section (2) "even though by any other law he is not entitled to it" എന്നു് എഴുതിച്ചേർക്കണം.

ഈ ഭേദഗതി ഞാൻ കൊടുപ്പുചെയ്ത സർക്കുലറുചെയ്ത കാപ്പിയിൽ ഉണ്ടു്. എന്നാൽ അമൻഡുമെൻറിൽ ഇല്ല. ഇതുംകൂടി അമൻഡുമെൻറായിട്ടു് കൂട്ടിച്ചേർക്കേണ്ടതാണു്. ഇതു് ആവശ്യമുള്ള ഒരു ഭേദഗതിയാണു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഇങ്ങനെ പറഞ്ഞാൽ ഞങ്ങൾക്കൊന്നും മനസ്സിലാകുന്നില്ല. അതു് ഇന്ന പേജിലുള്ളതാണെന്നു് പറഞ്ഞാൽ ഞങ്ങളൊന്നു എഴുതിയെടുക്കാം.

ശ്രീമതി കെ. ആർ. ഗൗരി : കൊടുപ്പുചെയ്ത സർക്കുലറുചെയ്തതിൽ ഈ അമൻഡുമെൻറു് ഉണ്ടു്.

ശ്രീ. ടി. എ. തൊമ്മൻ : സർ, മന്ത്രി പറയുന്നതിൻറെ ഇംപ്ലിക്കേഷൻസു് എന്താണെന്നു് മനസ്സിലാക്കിയാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടു്. ഓറൽ അമൻഡുമെൻറുസു് പാടില്ലെന്നു് പറഞ്ഞിട്ടുണ്ടു്. എന്നിരുന്നാലും, അത്യാവശ്യവ്യവസ്ഥകളിൽ ഓറൽ അമൻഡുമെൻറുസു് സ്വീകരിക്കേണ്ടിവരും. അതുകൊണ്ടു് ഇങ്ങനെയുള്ള ഓറൽഅമൻഡുമെൻറുസു് അംഗീകരിക്കുന്നതിൽ തരക്കേടില്ല. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ അമൻഡുമെൻറുസിൻറെ ഇംപ്ലിക്കേഷൻസു് എന്താണെന്നു് മനസ്സിലാക്കി ഇതിനെപ്പറ്റി അവസാന തീരുമാനം എടുക്കേണ്ടിയിരിക്കുന്നതിനാൽ ഈ വകുപ്പു് മാറ്റിവച്ചാൽ കൊള്ളാമെന്നു് എനിക്കു് അഭിപ്രായമുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ ഇപ്പറഞ്ഞ ഭേദഗതി ഇവിടെ നേരത്തെ സർക്കുലറുചെയ്ത കൊടുപ്പുകാപ്പിയിൽ ഉണ്ടു്. എന്നാൽ ആ അമൻറുമെൻറു് മൂവു് ചെയ്തതായിട്ടു് കാണുന്നില്ല. നിയമസഭയിൽ അതു മൂവു ചെയ്തതായിട്ടു വരണം. അതുകൊണ്ടു് ഞാൻ ഇവിടെ അതു പറഞ്ഞുവന്നേയുള്ളൂ.

മി. സ്പീക്കർ : ഓറൽ അമൻഡുമെൻറുസു് അനുവദിക്കുകയില്ലാ, എന്നു ഞാൻ പറഞ്ഞതു് ശരിയാണു്. Under the rules any member is competent to move amendments to amendments. Original amendment in oral form 'I forgot to table the amendment earlier; so, please take it'' അങ്ങനെയുള്ള ഓറൽ അമൻഡുമെൻറുസിനെ മാത്രമേ എൻറെ റൂളിംഗു് ബാധിക്കുകയുള്ളൂ. അത്യാവശ്യമുള്ള വ്യവസ്ഥകളിൽ കൂടിയേതീരൂ എന്നു തോന്നുന്ന പക്ഷം ഓറൽ അമൻഡുമെൻറുസു് അനുവദിക്കുന്നതാണു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഇതും അതുപോലെയുള്ള ഒരു ഓറൽ അമെൻഡുമെൻറാണു്. ഞാൻ അതിനെ എതിർക്കുകയല്ലാ. ഇതിനുമുൻപും ഈമാതിരിയുള്ള ഓറൽ അമൻഡുമെൻറുസു് അനുവദിക്കപ്പെട്ടിട്ടുണ്ടു്. പക്ഷെ മി. തൊമ്മൻ പറഞ്ഞതുപോലെ, "for the purposes of this section ''smallholder'' means a person.....

ശ്രീമതി കെ. ആർ. ഗൗരി : സബ്ബു് ക്ലോസു് 2 (b)യുടെ എക്സ്പ്ലനേഷനിൽ ''even though by any other law he is not entitled to it''. എന്നു പറയുന്നുണ്ടു്. അതു തന്നെയാണു് ഞാൻ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി.

ശ്രീ. ടി. എ. തൊമ്മൻ : ഓണക്കൂർ പകരം ലാൻഡു് ലാർഡു് എന്നു ചേർത്തിരിക്കുകയാണു്. I am slow at catching things and slow in following things''

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എ. തൊമ്മൻ]

ലാൻഡു ലാർഡു എന്നു പറഞ്ഞാൽ ഓണർ എന്നും വരും. ഡെഫനിഷൻ വേഡ്സു ഉപയോഗിക്കുമ്പോൾ അതു് എത്രത്തോളം ശരിയായിട്ടുണ്ടെന്നുകൂടി നോക്കണം. ഓണർക്കു പകരം ലാൻഡു ലാർഡു എന്നു് ചേർത്തിരിക്കുമ്പോൾ, ലാൻഡു ലാർഡ്സു എന്നു് പറഞ്ഞാൽ അതിൽ ഇൻഡർമീഡിയറീസ് കൂടി ഉൾപ്പെടുന്ന നിലക്കു് അതു് എത്രത്തോളം സംഗതമായിരിക്കും എന്നും മറ്റും നോക്കി പഠിക്കേണ്ടതുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : മന്ത്രി പറയുന്നതു് ഞങ്ങൾക്കു മനസിലാക്കുവാൻ ബലഹീനതകൊണ്ടോ, അഥവാ ഞങ്ങൾ പറയുന്നതു് മന്ത്രിക്കു് മനസിലാക്കുവാൻ ബലഹീനതകൊണ്ടോ, എന്തോ ഈ അമൻഡുമെൻറിനെപ്പറ്റി ശരിക്കു പഠിക്കുവാൻ കഴിഞ്ഞിട്ടില്ല. ഒരു ഭേദഗതി വരുമ്പോൾ അതു് എത്രമാത്രം മുമ്പോട്ടു ബാധിക്കും, എത്രമാത്രം പിമ്പോട്ടു ബാധിക്കും, എന്നുകൂടി നോക്കേണ്ടതുണ്ടു്. അതുകൊണ്ടു് ഇതിലേക്കു് കുറെക്കൂടി സമയം കൊടുക്കേണ്ട ആവശ്യമുണ്ടു്. അതിനാൽ ഈ വകുപ്പു് നാളെ പാസാക്കിയാൽ മതിയെന്നാണു് എന്റെ അഭിപ്രായം. ഒന്നോ രണ്ടോ ആളുകളുടെ ഭൂരിപക്ഷം ഉണ്ടെന്നു കരുതി ഞങ്ങൾക്കു് മനസിലായില്ലെങ്കിലും തരക്കേടില്ല, ഇതങ്ങു പാസ്സാക്കിയാൽ മതി എന്നു് കരുതരുതു്.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ എക്സ്പ്ലനേഷൻ ഒന്നു വായിക്കാം.

Exblanation:— For the purposes of this sub-section a cultivating tenant shall be deemed to have fixity of tenure in respect of his holding if he has either paid renewal fees or taken a renewal or is entitled to obtain a renewal with respect to that holding, even though by any other law he is not entitled to it".

ശ്രീ. ഇ. പി. പൗലോസ് : സർ, ഒന്നുകിൽ ഞങ്ങൾ മന്ത്രി പറയുന്നതൊക്കെ ശരിയാണു് എന്നങ്ങു വിശ്വസിച്ചേക്കാം. അതല്ലാ, ഞങ്ങൾക്കുകൂടി മനസിലായിട്ടു് ഒരു തീരുമാനം ചെയ്യണമെന്നാണു് ആഗ്രഹിക്കുന്നതെങ്കിൽ അതിന്റെ ഒരു പകർപ്പു് ഞങ്ങൾക്കു സർക്കുലേറ്റു ചെയ്താൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി : ഇതു മുമ്പേതന്നെ സർക്കുലേറ്റു ചെയ്തിട്ടുള്ള മെമ്മോറാണ്ടു കാപ്പിയിൽ ഉണ്ടു്. എന്നാൽ ഇവിടെ അമൻഡുമെൻറായി കൊണ്ടുവന്നിട്ടില്ല, അങ്ങനെ കൊണ്ടുവന്നിരിക്കുകയാണു്.

ശ്രീ. ഇ. പി. പൗലോസ് : ചിലപ്പോൾ ഇത്തരം ചില ഭേദഗതികളും കൊണ്ടുവരേണ്ടിവരും. കൊണ്ടുവരുകയും വേണം. പക്ഷെ, ഈ കേസ്സിൽ മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതി എങ്ങനെ അപ്ലൈ ചെയ്യുമെന്നും, അതിന്റെ എഫക്റ്റു് എന്തായിരിക്കുമെന്നും മനസ്സിലാക്കുവാൻ വിഷമമുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ഈ അമൻഡുമെൻറു് മുമ്പു് ഇവിടെ മൂവു ചെയ്തതായിട്ടു് കാണുന്നില്ല. മൂവു് ചെയ്തിട്ടുള്ള അമൻറുമെൻറിൽ ഞാൻ പറഞ്ഞിട്ടുള്ള ഭാഗം വിട്ടിരിക്കയാണു്. അതുകൊണ്ടാണു് ഓറലായിട്ടു് ഈ അമൻഡുമെൻറു് മൂവു ചെയ്തതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഞങ്ങൾ മനസ്സിലാക്കാതെ ഇതു പാസാക്കണമെന്നുണ്ടോ ? ഉണ്ടെങ്കിൽ പാസാക്കിക്കൊള്ളണം.

ശ്രീമതി കെ. ആർ. ഗൗരി: ഇതു മനസിലാകുന്നില്ലെന്നു പറഞ്ഞാൽ ബുദ്ധിമുട്ടാണു്. (3) എ-ൽ "under any other law in force immediately before the commencement of this Act" എന്നുകൂടി വേണം. എക്സ്പ്ലനേഷനിൽ ചേർത്തിരിക്കുന്നതുകൊണ്ടു മുകളിലും വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഞാൻ ഇവിടെ വന്നപ്പോഴാണ് ഈ ടൈപ്പ് ചെയ്ത കോപ്പി കണ്ടത്, മിനിഞ്ഞാന്നാണ് ഇത് വിതരണം ചെയ്തതായിരിക്കാം. എങ്കിലും ഞാൻ കണ്ടത് ഇന്നാണ്.

മി. സ്പീക്കർ : അത് നേരത്തെ അയച്ചതന്നതാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : നേരത്തെ അയച്ചതന്നിട്ടില്ല. ഒരു പക്ഷെ, കഴിഞ്ഞ ദിവസം സഭ പിരിയുന്നതിനു അല്പം മുമ്പായി മേശപ്പുറത്തോ മറ്റോ വച്ചിരിക്കാം. ഞാൻ ഇന്നു രാവിലെ എട്ടുമണിക്ക് ഇവിടെ വന്നപ്പോഴാണ് ഇത് കണ്ടത്.

ശ്രീമതി കെ. ആർ. ഗൗരി : അന്നേ ദിവസം ഞാൻതന്നെ ടൈപ്പ് ചെയ്ത് ഈ കോപ്പി വിതരണം ചെയ്യുവാൻ ഏർപ്പാട് ചെയ്തതാണ്. ഇത് എല്ലാം ശരിയായി പൂരിപ്പിച്ച് എഴുതി ഇവിടെ ഹാജരാക്കാൻ ഞാൻ വിചാരിച്ചതാണ്. അപ്പോൾ റീ ഡ്രാഫ്റ്റ് ചെയ്യുപിന്നെയും മൂവ് ചെയ്തിരിക്കുന്നു എന്ന ആക്ഷേപം വരുമല്ലോ എന്നു കരുതി അതു ചെയ്യാതിരുന്നതാണ്. മുമ്പ് ഇതുപോലെ റീ ഡ്രാഫ്റ്റ് ചെയ്തു കൊണ്ടുവന്നപ്പോൾ പുതിയതാണ്, പുതിയതാണ് എന്നു ആക്ഷേപിക്കുകയുണ്ടായി. അതുകൊണ്ടാണ് അമൻഡുമെന്റായിട്ട് എഴുതിയത്. അമൻഡുമെന്റ് വന്നപ്പോൾ ഒറിജിനലും, അമൻഡുമെന്റും കൂടി ഒന്നിച്ചുവച്ചു മനസ്സിലാക്കാൻ വിഷമമാണെന്നു പറഞ്ഞു. ഒരു വിധത്തിലും കാര്യം നടത്തിക്കുകയില്ല. amendment ആയി അയച്ചാൽ മനസ്സിലാകുകയില്ല എങ്കിൽ redraft ചെയ്യാമെന്നുവച്ചാൽ പുതിയ ഭേദഗതിയാകും. ആർക്കും മനസ്സിലാകാതെ പാസാക്കരുത് എന്നുവിചാരിച്ചിട്ടാണ് സ്പീക്കർ സമ്മതിക്കുകയില്ല എന്നു പറഞ്ഞിട്ടുപോലും ഗവണ്മെന്റ് ഓരോ ഏറ്റ് ടൈപ്പ് ചെയ്തു വിതരണം ചെയ്തിട്ടുള്ളതാണ്. ഇവിടെ ഇല്ലാതിരുന്ന അഭിപ്രായക്കാർ അതു കിട്ടിയില്ല വരാം. അതിനു നിവൃത്തിയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : നിവൃത്തിയില്ലെന്നു പറയരുത്.

Smt. K. R. Gouri : In Sub clause 3 (a) (iii) after "the right title, and interest of the small holder" എന്നതിനുശേഷം, "and other landlords, if any" എന്നു ചേർക്കണം.

സബ്ബ് ക്ലാസ് 5 (iii)യിൽ "12 times one half of the contract rent" എന്നുള്ളതിനു ആറിരട്ടിയെ ഉള്ളുവെന്നു ഒരു സംശയം ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. അതിനു "for the entire holding" എന്ന ഒരു clarification കൂടി ചേർത്താൽ ആ സംശയം മാറും.

ഒടുവിലത്തെ പാരായിൽ

' or fair rent fixed under any law in force immediately before the commencement of this Act" എന്നുകൂടി ചേർക്കണം. കാരണം Malabar Tenancy Act നടപ്പിലില്ലാത്ത കാസർകോഡു ഏരിയായിൽകൂടി fair rent apply ചെയ്യുന്നോട്ടീഫിക്കേഷൻ പോയിട്ടുണ്ട്.

627-ാം നമ്പരായി മി. കുറുപ്പിന്റെ ഒരു അമെൻഡുമെന്റുണ്ട്. അതു സബ്ബ് ക്ലാസ് ആറ് എന്നുള്ള നിലയിൽ ചേർത്താൽ മതി. ഞാൻ ഇവിടെ എഴുതിയിരിക്കുന്നതിനേക്കാൾ കുറേക്കൂടി വ്യക്തമായിട്ടുള്ളതു 627-ാം നമ്പർ ഭേദഗതിയാണ്. 627-ാം നമ്പർ ഭേദഗതിയിൽ പറയുന്നതു ഇങ്ങനെയാണ്.

"Nothing in this section shall be deemed to take away from the small holder or restrict any of the rights or benefits under any other provisions of this Act to which he would be entitled, if he were not a small holder."

ഇതു വ്യക്തമായികാര്യം പറഞ്ഞിട്ടുള്ളതുകൊണ്ടു എന്റെ ഭേദഗതിയേക്കാൾ സ്വീകരിക്കാവുന്നതു ഇതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. തൊമ്മൻ : സർ, ഇത ലിസ്റ്റിന്റെ തന്നില്ലെങ്കിൽ ഇതുതന്നെ വിഷമം ഉണ്ടാകുകയില്ലായിരുന്നു. ഏതേത ഭേദഗതികളാണ് സ്വീകരിക്കുന്നത് എന്നു പറയാതെ ഇങ്ങനെ പറഞ്ഞാൽ ഞങ്ങൾക്ക് അതു മനസ്സിലാക്കുവാൻ വിഷമമാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ബഹുമാനപ്പെട്ട സ്പീക്കർ ഞങ്ങളെ രക്ഷിക്കണം. ഇവിടെ പറയുന്നതു ഞങ്ങൾക്ക് മനസ്സിലായിട്ട് ബിൽ പാസ്സാക്കിയാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി : സബ്ബ് ക്ലാസ് 9 (സി) യിൽ "the compensation shall be paid either in cash or in negotiable bonds" എന്നുള്ളതു കഴിഞ്ഞിട്ട്

"redeemable in ten years carrying interest at the rate of 4½ per cent per annum"

എന്നു ചേർക്കണം. ശ്രീ. തോപ്പിൽ ഭാസി മൂവുചെയ്തിട്ടുള്ള ഭേദഗതിയാണ് ഞാൻ സ്വീകരിക്കുന്നതു. പക്ഷെ അതൊന്നു റീഡ്രാഫ്റ്റു ചെയ്യണം. ശ്രീ. തോപ്പിൽ ഭാസി മൂവുചെയ്ത അമെൻഡുമെന്റു ഇതാണു.

"For the purposes of this Act, the right of a small holder can be exercised only by the following category of persons, the nearer excluding the more remote and the right can be exercised only once ; (1) Kanamdar ; (2) Landowner."

മിസ്റ്റർ ഭാസിയുടെ ഭേദഗതി അല്പമൊന്നു മാറ്റിയാണ് സബ്ബ് ക്ലാസ് 13-ൽ ചേർത്തിരിക്കുന്നതു. ഇതിനേക്കാൾ കൂടുതലൊന്നും എനിക്കു പറയുവാനില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഈ ഭേദഗതികൂടി ഉൾപ്പെടുത്തി കൊണ്ടു ഒരു പുതിയ ഡ്രാഫ്റ്റു തന്നാൽ കൊള്ളാം. പത്തു പതിനഞ്ചു ഭേദഗതികളും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു എന്നാണു എന്റെ ധാരണ. ഈ ക്ലാസ്സ് ഇപ്പോൾ ഭേദഗതി ചെയ്ത രൂപത്തിൽ ഒന്നു റീഡ്രാഫ്റ്റു ചെയ്തു തന്നാൽ കൊള്ളാം. ബഹുമാനപ്പെട്ട മന്ത്രിക്കു ഇതെല്ലാം മനസ്സിലായിട്ടുണ്ടാകും. പക്ഷെ ഈ ഭാഗത്തിരിക്കുന്നവർക്ക് മന്ത്രി പറഞ്ഞതു എന്തൊക്കെയാണെന്നു മനസ്സിലായിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെയാണെങ്കിൽ 38-ം 54-ം ക്ലാസുകൾ എടുത്തിട്ടു ഇതു നാളേയ്ക്കു മാറ്റിവയ്ക്കുന്നതുകൊണ്ടു എനിക്കു വിരോധമില്ല.

മി. സ്പീക്കർ : ചില ബുദ്ധിമുട്ടു ബഹുമാനപ്പെട്ട മെമ്പറന്മാർക്കു ഉണ്ടായിട്ടുണ്ടു എന്നുള്ളതിനെക്കുറിച്ചു ഞാനും വിചാരിക്കുകയാണു.

Clause 15 (As proposed to be substituted and with the Government amendments incorporated)

എന്നു പറഞ്ഞു ഒരു ഡ്രാഫ്റ്റു ഇവിടെ വന്നു. ആ ഡ്രാഫ്റ്റു ഇവിടെ ബഹുമാനപ്പെട്ട മെമ്പറന്മാർക്കു അയച്ചുകൊടുത്തു. ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പറന്മാരുടെ ചില അമെൻഡുമെൻഡുകളും സ്വീകരിക്കുവാൻ തക്ക വിധത്തിലാണു ഡ്രാഫ്റ്റു തയാറാക്കിയിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇവിടെ കിട്ടിയ ഡ്രാഫ്റ്റു വച്ചുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം ഫാളോചെയ്യുവാൻ കഴിയുമായിരുന്നു. എനിക്കു അതു ഫാളോ ചെയ്യുവാൻ കഴിഞ്ഞു. ഇപ്പോൾ വോട്ടിനു ഇടുവാൻ പോകുന്നതു

"The clause moved by the Minister with the proposed amendments incorporated"

ഇങ്ങനെയാണു. ഇങ്ങനെ വോട്ടിനിടുന്നതിനു കുറച്ചു ബുദ്ധിമുട്ടുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ അഭിപ്രായഗതിയോടു ഞാനും യോജിക്കുന്നുണ്ട്. പക്ഷെ അൽപ്പമെന്നു പരിശോധിച്ചതിനുശേഷമേ ഇതു എങ്ങനെ വോട്ടിനിടണമെന്നു പറയുവാൻ സാധിക്കുകയുള്ളു. ഇപ്പോൾ പറഞ്ഞ മാറ്റങ്ങളും എന്താണെന്നു ഒന്നു പ്രിപ്പയർ ചെയ്യാതെ ഇതു വോട്ടിനിടുവാൻ പ്രയാസമാണു. അതിനിടയ്ക്കു ഇപ്പോൾ വരുത്തുവാൻ പോകുന്നതായ മാറ്റങ്ങളുടെ ഒരു ലിസ്റ്റു മെമ്പറന്മാർക്കു കൊടുക്കുകയാണെങ്കിൽ പിന്നീടു് അതു ഷേപ്പുണ്ടാക്കുകയില്ല.

ശ്രീ. ആർ. രാഘവമേനോൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, മെമ്പറന്മാർ കൊണ്ടുവന്ന ഭേദഗതികളും സ്വീകരിച്ചുകൊണ്ടാണു് ഈ അമെൻഡുമെന്റു് തയാറാക്കിയിരിക്കുന്നതെന്നു്. ഞങ്ങളും കൊണ്ടുവന്നിട്ടുള്ള ഏതെങ്കിലും ഭേദഗതികളും സ്വീകരിച്ചിട്ടുണ്ടോയെന്നു് ഞാൻ ചോദിക്കുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി : മി. രാഘവമേനോന്റെ ഭേദഗതി സ്വീകരിച്ചിട്ടില്ല. അതായതു് ചെറുതരം കുടുംബങ്ങൾക്കും 1,200 രൂപയിൽ താഴെ വരുമാനമുള്ളവരായിരിക്കണമെന്ന ഭേദഗതി.

ശ്രീ. ആർ. രാഘവമേനോൻ : എന്റെ അമെൻഡുമെന്റിൽ 1,500 രൂപവരെ എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു് അതു അംഗീകരിക്കാൻ നിവൃത്തിയില്ല എന്നു പറയുന്നതു ശരിയല്ല. ബഹുമാനപ്പെട്ട മെമ്പർ
9 a. m. ശ്രീമാൻ തോപ്പിൽ ഭാസിയുടെ അമെൻഡുമെന്റല്ലാതെകണ്ടു് ബാക്കിവല്ല അമെൻഡുമെന്റും ഇതിൽ അംഗീകരിച്ചിട്ടുണ്ടോ. ഞങ്ങളും കൊണ്ടുവന്ന ഭേദഗതികളും പലതും അംഗീകരിച്ചിട്ടുണ്ടെന്നു പറയുന്നതൊക്കെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണു്. പലതുപോയിട്ടു് ഒന്നെങ്കിലും അംഗീകരിച്ചു എന്നു പറയുന്നതു ശരിയല്ല. ഞങ്ങളും പറഞ്ഞാൽ ഒന്നും മന്ത്രി കേൾക്കുകയില്ലെന്നു ഞങ്ങൾക്കറിയാം. അങ്ങനെ പലതും അംഗീകരിച്ചു എന്നു പറഞ്ഞു് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഒക്കുകയില്ല. എക്കണോമിക്കു് റവ്യൂവിൽ പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽത്തന്നെയാണു് ഈ ബിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു് എന്നു പറയുന്നതും ആളുകളെ മുഴുവൻ തെറ്റിദ്ധരിപ്പിക്കാനാണു്. അങ്ങനെ ചെയ്യുന്നതു് തെറ്റാണു്. അതുകൊണ്ടാണു് ഞാൻ ചോദിച്ചതു്. ബഹുമാനപ്പെട്ട മന്ത്രിക്കിഷ്ടമുണ്ടെങ്കിൽ മറുപടി പറയാം. ഞാൻ ആവശ്യമില്ലാത്ത കാര്യങ്ങളും അല്ല പറയുന്നതു്. ഞാൻ എന്റെ അവകാശം മാത്രമാണു പറയുന്നതു്. പാർലമെന്ററി പ്രാക്ടീസനുസരിച്ചു ശരിയായി പറയാവുന്നതാണു്.

Mr. Speaker : You may move it as a privilege motion.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഡിസ്സിമ്പ്ലൂട്ട ചെയ്യുക എന്നു പറഞ്ഞാൽ ഇന്നലെ കവറിലിട്ടു ഞങ്ങൾക്കിയ തരാൻ സാധിക്കുമായിരുന്നു.

മി. സ്പീക്കർ : ഇന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ പോകുന്നതിനുമുമ്പു് ഡെസ്കിൽ വച്ചേക്കും.

I believe the Hon. Minister will give a copy of the changes she has made in the draft and distribute it among the members.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഞങ്ങളും അതു മേടിക്കാൻ എവിടെ ചെല്ലണം എന്നു പറഞ്ഞാൽ അവിടെ ചെല്ലും.

Mr. Speaker : Of course what the hon. Member says is humour and it is well appreciated. But he will have to bear in mind some of the fundamental principles.....

ശ്രീ. ജോസഫ് ചാഴിക്കാടൻ : സർ, അങ്ങു് എന്നോടു മിണ്ടരുതു് എന്നു പറഞ്ഞപ്പോൾ ഞാൻ ഒരക്ഷരം പറയാതെ മിണ്ടാതെയിരുന്നില്ലേ.

Mr. Speaker : We will have the voting on this Clause tomorrow. We shall now proceed from Clause 38.

LIBRARY ARCHIVES Kerala Legislative Assembly